**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3844** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. യുടെ ലാഭ /നഷ്ടസ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കെ. എസ്. ആർ. ടി. സി. യ്ക്കുണ്ടായ ലാഭ /നഷ്ട കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ; കെ. എസ്. ആർ. ടി. സി. യുടെ നിലവിലുള്ള ആകെ ലാഭം/നഷ്ടം എത്രയാണെന്ന് അറിയിക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം വരെയുള്ള കണക്കുകളുടെ അംഗീകാരം മാത്രമേ C&AG-യിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ഈ സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള C&AG ഓഡിറ്റ് ചെയ്ത് അംഗീകരിച്ച ലാഭം/നഷ്ടവും സംബന്ധിച്ച കണക്കുകളും അതിനുശേഷം 2024-25 സാമ്പത്തിക വർഷം വരെയുള്ള താൽക്കാലിക കണക്ക് പ്രകാരമുള്ള ലാഭ/നഷ്ടം സംബന്ധിച്ച കണക്കുകളും അനുബന്ധം - I ആയി ചേർക്കുന്നു.<br><br><u>കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള ആകെ ലാഭം/നഷ്ടം</u><br><br>താൽകാലിക കണക്കുകൾ പ്രകാരം 2025 ഏപ്രിൽ മാസം മുതൽ 2025 ഓഗസ്റ്റ് മാസം വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 702.28 കോടി രൂപയാണ്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ വർഷവും സർക്കാർ സഹായമായി കെ. എസ്. ആർ. ടി. സി. യ്ക്ക് നൽകിയ തുക എത്രയെന്നും ഈ കാലയളവിൽ വിവിധ ഏജൻസികളിൽ നിന്നും കെ. എസ്. ആർ. ടി. സി. നേരിട്ടോ സർക്കാർ കെ. എസ്. ആർ. ടി. സി. യ്ക്ക് വേണ്ടിയോ എടുത്തിട്ടുള്ള വായ്പ തുക എത്രയാണെന്നും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2016-17 മുതൽ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.<br><br>ഇത് കൂടാതെ സർക്കാർ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിനത്തിലും, റോഡ് സേഫ്റ്റി ഫണ്ടിനത്തിലും കെ.എസ്.ആർ.ടി.സി.യ്ക്ക് തുക റിലീസ് നൽകിയിട്ടുണ്ട്. |

| സാമ്പത്തിക വർഷം | ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ട് (തുക കോടിയിൽ) | റോഡ് സേഫ്റ്റി ഫണ്ട് (തുക കോടിയിൽ) |
|---|---|---|
| 2021-22 | 0.12 | 1.00 |
| 2022-23 | 0.23 | 0.25 |
| 2023-24 | 0.00 | 0.00 |
| 2024-25 | 1.15 | 0.28 |
| 2025-26 | 0.00 | 0.64 |

<u>കൺസോർഷ്യം വായ്പ</u>

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലീഡ് ബാങ്കായി വിവിധ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 31/03/2018-ൽ 3100 കോടി രൂപ ദീർഘകാല വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന മൂലധന ചെലവുകൾക്കായി 2021-22 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് ഇനത്തിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ആയത് 2024-25 സാമ്പത്തിക വർഷത്തിൽ 2025 മാർച്ച് മാസത്തിൽ 150 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | കെ. എസ്. ആർ. ടി. സി. യിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയെന്നും താൽക്കാലിക/ കരാർ ജീവനക്കാരുടെ എണ്ണം എത്രയെന്നും ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവ് വീതം നിലവിലുണ്ടെന്നും ഈ കാലയളവിൽ പി. എസ്. സി. മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം എത്രയെന്നും തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം - 22785, താൽക്കാലിക ജീവനക്കാരുടെ എണ്ണം - 5210 (സി.എൽ.ആർ., ബസ് വാഷിംഗ് ഉൾപ്പെടെ) കരാർ ജീവനക്കാരുടെ എണ്ണം - 10.<br><br>പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ ബസ് - ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാളും കൂടുതലാണ്. ആയതിനാൽ സ്ഥിരം ജീവനക്കാരുടെ ഒഴിവുകൾ നിലവിലില്ല.<br><br>മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖാന്തരം ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 10,<br><br>അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ - 14<br><br>ഡ്രൈവർ - 690<br><br>കണ്ടക്ടർ - 1244<br><br>അസിസ്റ്റന്റ് - 65<br><br>പ്യൂൺ - 11<br><br>അസി. സ്റ്റോർ കീപ്പർ - 1<br><br>ഗാർഡ് - 2<br><br>സ്റ്റോർ ഇഷ്യൂവർ - 4<br><br>മെക്കാനിക്ക് - 7<br><br>ബ്ലാക്ക്സ്മിത്ത് - 2<br><br>അസി. ഡിപ്പോ എഞ്ചിനീയർ - 3<br><br>ആകെ - 2053<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പി.എസ്.സി. മുഖാന്തരം ജോലിയിൽ പ്രവേശിച്ച ഹയർ ഡിവിഷൻ ഓഫീസർമാരുടെ എണ്ണം - 3 (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ - 2) |

<table>
<tr><td></td><td></td><td></td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മെക്കാനിക്ക് തസ്തികയിലേയ്ക്ക് WA No. 1135/2021-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 08.12.2021 തീയതിയിലെ വിധിന്യായ പ്രകാരം 15 ഉദ്യോഗാർത്ഥികളെ 02.12.2022 (14) 05.12.2022 (1) തീയതികളിൽ നിയമിച്ചിട്ടുണ്ട് എന്നാൽ ഒഴിവുകളുടെ അഭാവത്തിൽ KS&SSR Rule 7(A) അനുസരിച്ച് ടിയാന്മാരെ അന്നേ ദിവസം തന്നെ വിടുതൽ ചെയ്തിട്ടുള്ളതാണ്.</td></tr>
<tr><td>(ഡി)</td><td>കെ. എസ്. ആർ. ടി. സി. യിൽ ആകെ സർവീസ് നടത്തുന്ന ബസുകൾ, സർവ്വീസിന് യോഗ്യമല്ലാത്ത ബസുകൾ, കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പൊളിച്ചുമാറ്റിയ ബസുകൾ, ഈ കാലയളവിൽ പുതിയതായി വാങ്ങിയ ബസുകൾ എന്നിവയുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?</td><td>(ഡി)</td><td>കെ.എസ്.ആർ.ടി.സി.യിൽ 5565 ബസ്സുകൾ നിലവിൽ ലഭ്യമായിട്ടുണ്ട്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊളിച്ചുമാറ്റിയ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>2016-2017 - 336<br><br>2017-2018 - 603<br><br>2018-2019 - 273<br><br>2019-2020 - 116<br><br>2020-2021 - 108<br><br>ഈ സർക്കാരിന്റെ കാലത്ത് പൊളിച്ചുമാറ്റിയ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>2021-2022 - 167<br><br>2022-2023 - 446<br><br>2023-2024 - 258<br><br>2024-2025 - 205<br><br>2025-2026 - 82 (03.10.2025 വരെ)<br><br>ഈ കാലയളവിൽ കെ.എസ്.ആർ.ടി.സി.യിലും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിലും ലഭ്യമായ ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>Year</th><th>Buses Purchased for KSRTC</th><th>Buses Purchased for KSRTC SWIFT</th></tr>
<tr><td>2016-2017</td><td>393</td><td>0</td></tr>
<tr><td>2017-2018</td><td>75</td><td>0</td></tr>
<tr><td>2018-2019</td><td>70</td><td>0</td></tr>
<tr><td>2019-2020</td><td>0</td><td>0</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| 2020-2021 | 0 | 0 |
| 2021-2022 | 1 | 166 |
| 2022-2023 | 0 | 131 |
| 2023-2024 | 1 | 82 |
| 2024-2025 | 0 | 68 |
| 2025-2026 | 111 | 29 |
| TOTAL | 651 | 476 |

ഇതിന് പുറമേ വിതരണ ഉത്തരവ് നല്കിയതിൽ രണ്ട് 15 മീറ്റർ എ.സി. സ്ലീപ്പർ (വോൾവോ), ഒരു 13.5 മീറ്റർ എ.സി. സ്ലീപ്പർ, പത്ത് 10.5 മീറ്റർ എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

3844

# അനുബന്ധം - I

| വർഷം | നഷ്ടം<br>(കോടി രൂപയിൽ) | സഞ്ചിത നഷ്ടം<br>(കോടി രൂപയിൽ) |
|---|---|---|
| 2016-17 | 1671.74 | |
| 2017-18 | 1812.89 | |
| 2018-19 | 1536.14 | |
| 2019-20 | 1519.93 | |
| 2020-21 | 2119.79 (C&AG audited) | 14707.85<br>(C&AG audited) |
| 2021-22 | 2078.23 (C&AG audited but report not received) | |
| 2022-23 | 1548.37 (As per provisional A/Cs) | |
| 2023-24 | 1314.04 (As per provisional A/Cs) | |
| 2024-25 | 1580.37 (As per provisional A/Cs) | 20949.96<br>(As per provisional A/Cs) |

Section Officer.

# അനുബന്ധം - II

## സർക്കാർ വായ്പ

(തുക കോടി രൂപയിൽ)

| സാമ്പത്തിക വർഷം | ശമ്പളം | പെൻഷൻ | മറ്റിനങ്ങൾ | ആകെ |
|---|---|---|---|---|
| 2016-17 | 0.00 | 305.00 | 0.00 | 305.00 |
| 2017-18 | 540.00 | 290.00 | 5.00 | 835.00 |
| 2018-19 | 332.70 | 662.04 | 61.61 | 1056.35 |
| 2019-20 | 279.00 | 708.37 | 0 | 987.37 |
| 2020-21 | 820.17 | 726.91 | 192.78 | 1739.86 |
| 2021-22 | 863.09 | 898.81 | 275.61 | 2037.51 |
| 2022-23 | 590.00 | 781.81 | 63.00 | 1434.81 |
| 2023-24 | 590.00 | 1007.47 | 468.10 | 2065.57 |
| 2024-25 | 580.00 | 809.91 | 212.50 | 1602.41 |
| 2025-26 (16-09-2025 വരെ) | 300.00 | 435.18 | 0 | 735.18 |

## പദ്ധതി വിഹിതം

(തുക കോടി രൂപയിൽ)

| സാമ്പത്തിക വർഷം | തുക |
|---|---|
| 2016-17 | 20.61 |
| 2017-18 | 20.00 |
| 2018-19 | 5.60 |
| 2019-20 | 0.00 |
| 2020-21 | 2.74 |

| സാമ്പത്തിക വർഷം | തുക |
|---|---|
| 2021-22 | 38.44 |
| 2022-23 | 59.14 |
| 2023-24 | 67.66 |
| 2024-25 | 34.24 |
| 2025-26 | 45.97 |

Section Officer